File No.FWLD-A2/25/2019-FWLD

19392
26/10/19

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ശ്രീ.ഇസ്മയിൽ ആയത്ത്, ബീറ്റ് ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി - പുനരവലോകന ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.159/2019/വനം** തീയതി,തിരുവനന്തപുരം, 30/04/2019

---

പരാമർശം:- 1 വയനാട് വൈൽഡ് ലൈഫ് വാർഡന്റെ 30.05.2008, 17.05.2013 തീയതികളിലെ W(5)-2604/08 നമ്പർ ഉത്തരവ്.

2 ബഹു. സുൽത്താൻ ബത്തേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ 16.03.2011 തീയതിയിലെ വിധിന്യായം.

3 വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഫീൽഡ് ഡയറക്ടർ പാലക്കാടിന്റെ 23.07.2016-ലെ പി3-3849/13 നമ്പർ ഉത്തരവ്.

4 ശ്രീ.ഇസ്മയിൽ ആയത്തിന്റെ 25.10.2016-ലെ പുനരവലോകന ഹർജി.

5 അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)-ന്റെ 08.03.2018-ലെ ബി9-55471/2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നോർത്ത് വയനാട് ഡിവിഷനിലെ മാനന്തവാടി മുത്തങ്ങ റെയിഞ്ചിൽ റിസർവ്വ് ഫോറസ്റ്റ് വാച്ചറായി ജോലി ചെയ്തുവരവെ വനം സന്ദർശിക്കാൻ വന്ന ശ്രീമതി.ടാനിയ ജോൺസ് എന്ന വിദേശ വനിതയെ ട്രക്കിംഗിനിടെ കാട്ടിൽവെച്ച് പീഡിപ്പിക്കാൻ ശ്രമിച്ച എന്ന കുറ്റത്തിന് ശ്രീ.ഇസ്മയിൽ ആയത്ത്, ബീറ്റ് ഫോറസ്റ്റ് ഓഫീസറെ പ്രതിയാക്കി സുൽത്താൻ ബത്തേരി പോലീസ്

കേസ് രജിസ്റ്റർ ചെയ്തിരുന്നു. പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് പരാമർശം (1)ലെ 30.5.2008 ലെ ഉത്തരവ് പ്രകാരം ടിയാനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തുകൊണ്ട് അച്ചടക്ക നടപടി ആരംഭിച്ചു. രജിസ്റ്റർ ചെയ്യപ്പെട്ട പോലീസ് കേസിൽ തെളിവുകളുടെ അഭാവത്തിൽ പരാമർശം (2) പ്രകാരം ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് വകുപ്പുതല ഔപചാരിക അന്വേഷണം നടത്തുകയും, സംഭവം പത്രമാധ്യമങ്ങളിൽ വന്നത് വകുപ്പിന് കളങ്കം വരുത്തിയതിനാൽ ടിയാന്റെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലമില്ലാതെ തടഞ്ഞുവെയ്ക്കുക എന്ന ശിക്ഷ നൽകിക്കൊണ്ട് പരാമർശം (1)-ലെ 17.05.2013 ലെ ഉത്തരവ് പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു. ടിയാന്റെ സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചുകൊണ്ടും ഉത്തരവായിരുന്നു.തുടർന്ന് ശ്രീ.ഇസ്മയിൽ ആയത്ത് 09.02.2016 തീയതി സമർപ്പിച്ച അപ്പീൽ പരിഗണിച്ചുകൊണ്ട് ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലമില്ലാതെ തടഞ്ഞുവെയ്ക്കുക എന്ന ശിക്ഷയിൽ ഇളവുവരുത്തി 'സെൻഷ്വർ' നൽകിക്കൊണ്ടും സസ്പെൻഷൻകാലം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചുകൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2)മേൽ ഉത്തരവിനെതിരെ ശ്രീ.ഇസ്മയിൽ ആയത്ത് പരാമർശം (4) പ്രകാരം സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിച്ചു. പൂർണ്ണമായും കുറ്റവിമുക്തനാക്കി, സസ്പെൻഷൻ കാലയള് ഡ്യൂട്ടിയായി പരിഗണിക്കണമെന്നും ടിയാൻ അഭ്യർഥിച്ചിരുന്നു. സ്വാഭാവിക നീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ടിയാനെ നേരിൽ കേൾക്കുകയുണ്ടായി.Krishnakanth V/s. Maharashtra 1997(3) Section 636 കേസിൽ ബഹു: സുപ്രീംകോടതി, ക്രിമിനൽ വിചാരണയെത്തുടർന്ന് സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത ഉദ്യോഗസ്ഥനെ കോടതി വെറുതെ വിട്ടു എന്ന കാരണത്താൽ മാത്രം ടിയാന്റെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി കണക്കാക്കണമെന്ന് അവകാശപ്പെടാനാകില്ല എന്ന് ഉത്തരവായിട്ടുണ്ട് എന്നും ടിയാനു നൽകിയ നിസ്സാരമായ ശിക്ഷ കണക്കിലെടുത്തു ടിയാൻ സമർപ്പിച്ചിട്ടുള്ള അപ്പീൽ നിരസിക്കാവുന്നതാണെന്നും പരാമർശം ( 5 ) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അഭിപ്രായപ്പെട്ടു.

3)ശ്രീ.ഇസ്മയിൽ ആയത്ത്, സമർപ്പിച്ച പുനരവലോകന ഹർജിയും ടിയാനെ നേരിൽ കേട്ടപ്പോഴുള്ള വാദവും, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചതിൽ ടിയാൻ കാട്ടിൽ വച്ചു പീഡിപ്പിക്കാൻ ശ്രമിച്ചു എന്നതിൽ വിദേശവനിത ഡി.ജി.പി. യ്ക്ക് പരാതി കൊടുത്തതായും, അതിനു ബത്തേരി പോലീസ് സ്റ്റേഷനിൽ കേസ് നിലനിന്നിരുന്നതായും, കേസ്സിൽ തെളിവുകളുടെ അഭാവത്തിൽ ബഹു. കോടതി ടിയാനെ

കുറ്റവിമുക്തനാക്കിയതായും കാണുന്നു. ഈ സംഭവത്തിൽ വകുപ്പിന്റെ പേരിനു കളങ്കമുണ്ടാകുകയും ചെയ്തു. എന്നാൽ ടിയാൻ കുറ്റം ചെയ്തിട്ടില്ല എന്നു കരുതാനാവില്ല, തെളിവുകളുടെ അഭാവത്തിലാണ് കോടതി ടിയാനെ വെറുതെവിട്ടിട്ടുള്ളത്. വനം വകുപ്പിന്റെ സൽപ്പേര് കളങ്കപ്പെടുത്തിയതിന് ലഘുശിക്ഷയാണ് നൽകിയത്. അപ്പീലിൽ വീണ്ടും ശിക്ഷ ലഘൂകരിച്ചിട്ടുള്ള സാഹചര്യത്തിലും, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും പരാതിക്കാരി ഹാജരായി തെളിവ് നൽകിയില്ല എന്നല്ലാതെ പരാതി പിൻവലിച്ചിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിലും ടിയാന് നൽകപ്പെട്ട ശിക്ഷ ഇനിയും ലഘൂകരിക്കേണ്ട സാഹചര്യമില്ല എന്നതിനാൽ ശ്രീ.ഇസ്മയിൽ ആയത്ത്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ പരാമർശം (4) പ്രകാരം സമർപ്പിച്ച പുനരവലോകന ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ഇസ്മയിൽ ആയത്ത്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.04.30 14:44:00 IST
Reason: Approved
സെക്ഷൻ ഓഫീസർ